ശ്രീ. എൻ. പി. വറഗീസ്സ്: ഇത്രയും പണം ചിലവാക്കിയതിനുശേഷം അതു് ഒരു പബ്ലിക്കുറോഡായി ഓപ്പൺചെയ്യാതിരിക്കാൻ പ്രത്യേക വല്ല കാരണവുമുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു് ഒരു പബ്ലിക്കുറോഡാക്കി ഓണ്ടുതോം. മെൻറെയിൻചെയ്യുകൊണ്ടു പോകത്തക്കവണ്ണം ഗവമ്മെണ്ടു് ഇതുവരെ എറെടുത്തിട്ടില്ല. ഫൻ ർ വ്-ൽ ചീഫ് എൻജിനീയർ പുറപ്പെടുവിച്ചിട്ടുള്ള ഒരു കമ്മൂണിക്കേഷനിൽ,

"The owner of the estate has agreed to surrender a portion of his estate free of compensation."

എന്നാണു് പറഞ്ഞിട്ടുള്ളതു്.

Sri. K. P. Nilakanta Pillai: What estate is that, rubber or tea ?

Sri. E. John Philipose : I do no know.

Sri. K. P. Nilakanta Pillai : May I know whether the Government have ordered the acquisition of the road ?

Sri. E. John Philipose : Yes.

Sri. K. P. Nilakanta Pillai: Then am I to understand from the present position of things that the Government asked the Collector to suggest a method to evade that original order ?

Sri. E. John Philipose : No. But the Collector on his own initiative suggested an alternative way to avoid the incurring of additional expenditure on the part of Government by acquisition.

Sri. K. P. Nilakanta Pillai: Then is it not disobedience of orders of Government. When the Collector has been asked to acquire certain lands, for him to suggest that there will be additional expenses and all that and therefore should not the Government take disciplinary action against him ?

Sri. E. John Philipose : No.

Mr. Speaker: The question is meant for ascertaining opinion.

Sri. E. John Philipose : I will submit one aspect. The Collector has a duty to make helpful and useful suggestions to Government.

ശ്രീ. എൻ. പി. വറഗീസ്: കളക്ടരുടെ ഉപദേശം ശരിയാണെന്നു ഗവമ്മെണ്ടിനു് അഭിപ്രായമുണ്ടോ?

Sri. E. John Philipose: It is the property of the owner and Government have not acquired it. That being so the Collector's suggestion has to be considered.

ശ്രീ. എ. കെ. പാപ്പുപിള്ള: അങ്ങനെയുള്ള തടസ്സം എസ്റ്റേറ്റു ഉടമസ്ഥൻ പറയുന്നതു് ശരിയാണോ?

Sri. E. John Philipose: The property belongs to the owner.

ശ്രീ. എ. കെ. പാപ്പുപിള്ള: പബ്ലിക്കു്, ആ റോഡു് ഉപയോഗിച്ചുകൊണ്ടിരുന്നതല്ലേ?

Mr. Speaker: The questions and answers are developing into a discussion on a question of law.

ലോറികൾ

*നമ്പർ. (ചോദ്യം) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം രാജമോഹൻ പാലസ്സിൻറെ കിഴക്കുവശമുള്ള എക്സ്സിക്യൂട്ടീവു് ആഫീസു് പരിസരത്തിൽ പത്തിലധികം ലോറികൾ യാതൊരുതരത്തിലും ഉപയോഗപ്പെടുത്താതെ വളരെ നാളായി സൂക്ഷിച്ചു വരുന്നതു് എന്തിനാണെന്നു പറയാമോ;

(ബി) ഇവ സക്കർ ലോറികൾ തന്നെയല്ലേ;

(സി) ഈ ലോറികൾ വാങ്ങുവാൻ എത്ര ചിലവു വന്നിട്ടുണ്ടു്;

(ഡി) ഈ ലോറികളുടെ എൻജിൻ ഉൾപ്പെടെയുള്ള പല ഭാഗങ്ങളും എടുത്തു പൊയ്ക്കൊണ്ടിരിക്കുന്നതിനാൽ ഇവ യാതൊരു തരത്തിലും, ഉപയോഗിക്കുവാൻ പറ്റാത്ത മട്ടിൽ് ആയിത്തീർന്നിട്ടുണ്ടെന്നു പറയുന്നതു് ശരിയാണോ;

(ഇ) ഗവമ്മെണ്ടു മുതൽ ഇങ്ങനെ കണ്ടമാനം നശിപ്പിക്കുവാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരെന്നു കണ്ടുപിടിച്ചു് മതിയായ ശിക്ഷ നൽകുവാൻ ഗവമ്മെണ്ടിനു് ദയ വുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) ഇതിൽ പറഞ്ഞിരിക്കുന്നതു് ഡിസ്പോസൽസിൽനിന്നും കൊച്ചിഗവ ൺമെണ്ടു് വാങ്ങിച്ചിട്ടുള്ള നമ്പരുകളെപ്പറ്റിയാണു്. ഇവ ഓരോന്നും മറ്റു ഡിപ്പാർട്ടുമെണ്ടു കളിൽ അവിടത്തെ ആവശ്യങ്ങൾക്കും അനുസരിച്ചു് ഒന്നോ രണ്ടോ വീതം കൊടുത്തുതീർക്കുവാൻ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

(ബി) അതെ.

(സി) ൧,൧൦,൯൫൩ രൂപാ.

(ഡി) ഇതിനെപ്പറ്റി ഇപ്പോൾ ഗവൺമെണ്ടിനു് അറിവില്ല.

(ഇ) ഡി-യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. ഡീവർ: ഈ ഡിസ്പോസൽസു് സാമാനങ്ങൾ വാങ്ങിയതു് എന്നാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റിയുള്ള വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. പി. കെ. ഡീവർ: ഇതിൽ ഏതെങ്കിലും ലോറികൾ ഉപയോഗിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉപയോഗിച്ചിട്ടുള്ളതായി എനിക്കറിവില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ ലോറികളുടെ എൻജിൻ ഉൾപ്പെടെയുള്ള പല ഭാഗങ്ങളും എടുത്തുകൊണ്ടുപോയ വിവരത്തെപ്പറ്റി ഗവൺമെണ്ടിനു് യാതൊരു അറിവുമില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഗവൺമെണ്ടിനു് ഒരു റിപ്പോർട്ടും കിട്ടിയിട്ടില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ ലോറികൾ സൂക്ഷിക്കുവാൻ വാച്ചറെ നിയോഗിച്ചിട്ടില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്. ഇപ്പോഴും റാംമോഹൻ പാലസ്സിൽതന്നെയാണു് ലോറികൾ കിടക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഗവൺമെണ്ടു് ഇതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അന്വേഷിക്കാം.

ശ്രീ. പി. ടി. ചാക്കോ: ഈ ലോറികൾ അവിടെ ഇങ്ങനെ കിടക്കാൻ തുടങ്ങിയിട്ടു് എത്ര കാലമായി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി എനിക്കു് ഇപ്പോൾ സൂക്ഷ്മവിവരം ലഭിച്ചിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഇംഗ്ലീഷിലൊ മലയാളത്തിലൊ സംസാരിക്കാമെന്നുണ്ടു്. എന്നാൽ രണ്ടിലുംകൂടി സംസാരിക്കാമോ?

മിസ്റ്റർ. സ്പീക്കർ: രണ്ടുഭാഷയിലുംകൂടി സംസാരിക്കുന്നതിനേക്കാൾ ഒരു സമയത്തു ഒരു ഭാഷയിൽ സംസാരിക്കുന്നതാണു് നല്ലതു്. എന്നാൽ മലയാളത്തിൽ സംസാരിച്ചുകൊണ്ടുവരുമ്പോൾ ശരിയായിട്ടുള്ള മലയാളം പദങ്ങൾ കിട്ടാത്തതിനു് ഇംഗ്ലീഷിലും, ഇംഗ്ലീഷിൽ സംസാരിച്ചുകൊണ്ടുവരുമ്പോൾ ശരിയായിട്ടുള്ള ഇംഗ്ലീഷു് പദങ്ങൾ കിട്ടാത്തതിനു് മലയാളത്തിലും സംസാരിക്കുന്നുണ്ടു്. അതു് തെറ്റാണെന്നു പറയുന്നില്ല.

ശ്രീ. പി. ടി. ചാക്കോ: സർ, ഈ ലോറികൾ അവിടെ കിടപ്പു തുടങ്ങിയിട്ടു് എത്ര നാളായി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. വാർടൈം പീരീഡിൽ വാങ്ങിച്ചതാണു്.

ശ്രീ. പി. ടി. ചാക്കോ: ഇതു് ഉപയോഗത്തിനു് കൊടുക്കാതിരിക്കാൻ കാരണം വല്ലതുമുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിന്റെ റിപ്പയേഴ്സു് നടത്തിക്കൊണ്ടിരിക്കുകയാണു്. വർക്ക്ഷാപ്പിലാണു് റിപ്പയേഴ്സു് നടത്തിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഓരോ ലോറിക്കും ഇപ്പോൾ എന്തു വിലവരും?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഡീവർ: സർ, ചോദ്യം കിട്ടിയതിനുശേഷവും ലോറിയിലെ സാമാനങ്ങൾ കളവു് പോയതായി അറിഞ്ഞിട്ടില്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. താണുപിള്ള: ഏതു ഡിപ്പാർട്ട്മെണ്ടിന്റെ ആവശ്യത്തിലേക്കാണു് ഈ ലോറികൾ വാങ്ങിച്ചതെന്നു പറയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. K. P. Nilakanta Pillai: In view of the answers given, will the Government consider the question of writing off this amount?

Sri. E. John Philipose: Government feel the necessity of auctioning such of those which are not capable of using.

ശ്രീ. പി. കെ. ഡീവർ: സർ, (ഡി)-യ്ക്കു് മറുപടി പറഞ്ഞതു്, ഈ സംഗതി സർവ്വമെന്റിനു് അറിയാൻ പാടില്ലെന്നാണു്. ചോദ്യം കിട്ടിയതിനുശേഷവും ആ വിവരത്തെപ്പറ്റി അറിഞ്ഞതില്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ഇ ജാൺ ഫിലിപ്പോസ്: അതിനെക്കുറിച്ചു അന്വേഷിക്കുന്നുണ്ടെന്നു ഞാൻ നേരത്തെ പറഞ്ഞു. അതിൽ കുറെ പാർട്ട്സ് ഇല്ല. അതു് വാങ്ങിച്ചപ്പോഴെ അങ്ങനെയാണോ അതോ വാങ്ങിച്ചതിനുശേഷം കളവുപോയതാണോ എന്നു് നിശ്ചയമില്ല. അതിനെക്കുറിച്ചു് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. അയ്യപ്പൻ: ലോറി പുതിയതായിരുന്നില്ലേ? ചില പാർട്ടുകളെല്ലാം അതിൽ നിന്നും കൺട്രാക്ടർ മാറ്റിക്കൊണ്ടുപോകുന്നതിനു് ഇടയില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ലോറികൾ ഡിസ്പോസൽ ഡിൽനിന്നും വാങ്ങിച്ചതാണു്. കേസസ്സോടുകൂടി വാങ്ങിച്ചതാണു്. വാങ്ങിക്കുമ്പോൾതന്നെ ചില പാർട്ട്സ് ഇല്ലാതിരിക്കാവുന്നതാണു്. ഏതായാലും അതിനെക്കുറിച്ചു് അന്വേഷിക്കാവുന്നതാണു്.

സാഹിബ് ബഹദൂർ കെ. സി. മുയൻകുട്ടി മേത്തർ: ഈ കേസസ്സു് പുതിയതായിട്ടു വാങ്ങിച്ചതല്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതെ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മിക്കവാറും ഉപയോഗശൂന്യമായിട്ടാണോ ഇരിക്കുന്നതു്?

Mr. Speaker: That question was already answered.

സാഹിബ് ബഹദൂർ കെ. എ മഹമ്മദ്: ഇതിനുത്തരവാദികളാരെന്നന്വേഷിക്കാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അന്വേഷിക്കാം.

VILLAGE PANCHAYAT ACT.

***610.** [13] **Sri. Sree V. Das:** Will the Hon'ble Minister for Local Self Government be pleased to state.—

(*a*) whether the rules are framed for Village Panchayat Act; and

(*b*) whether there is any proposal to constitute a Committee to delimit the Panchayat area?

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഇതുപോലൊരു ചോദ്യത്തിനു് ഈ സെഷനിൽതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ട്രാൻസ്പോർട്ട് ബസ്സുകളിലെ യാത്രക്കാർ

*൩൨൯ (൨൪) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് ബസ്സു് സ്റ്റാൻഡുകളിൽ വരുന്ന യാത്രക്കാർക്കു് ബസ്സു് കാണ്മാൻ ഇരിക്കേണ്ടിവരുന്നതായാൽ സൌകര്യമായി കരിടത്തു നില്ക്കുവാനൊ ഇരിക്കുവാനൊ യാതൊരു സൌകര്യവും ചെയ്തിട്ടില്ലെന്നു് ബഹുമാനപ്പെട്ട ഗവർമ്മെൻറിനു അറിയാമൊ;

LIBRARY ARCHIVES Kerala Legislative Assembly